പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2111** **20.01.2021-ൽ മറുപടിക്ക്**

**കോവിഡ് പ്രതിരോധവും പോസ്റ്റ് കോവിഡ് ചികിത്സയും**

**ചോദ്യം**
ശ്രീ. വി. അബ്ദുറഹിമാൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോവിഡ് പ്രതിരോധത്തിലും പോസ്റ്റ് കോവിഡ് ചികിത്സയിലും അലോപ്പതി കൂടാതെ ആയുർവ്വേദത്തിലും ഹോമിയോപതിയിലും എന്തൊക്കെ ചികിത്സകളാണ് ആരോഗ്യ വകുപ്പ് നൽകിവരുന്നതെന്ന് അറിയിക്കാമോ; | (എ) | **ആയുർവേദം**<br><br>കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഭാരതീയ ചികിൽസാ വകുപ്പ് മുഖേനയും ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മുഖേനയും ആയുർ രക്ഷാ ക്ലിനിക്കിലൂടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് അമൃതം, സ്വാസ്ഥ്യം, സുഖായുഷ്യം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പോസ്റ്റ് കോവിഡ് റീഹാബിലിറ്റേഷൻ പ്രവർത്തിയുടെ ഭാഗമായി പുനർജ്ജനി പദ്ധതിയും നടത്തി വരുന്നു. ഇതിനു പുറമെ കോംപ്ലിക്കേഷൻ ഇല്ലാതെ കോവിഡ് മൈൽഡ് കേസുകളുടെ ചികിത്സയും കൺസന്റ് നൽകിയിട്ടുള്ള പേഷ്യൻസിന് 'ഭേഷജം' പദ്ധതിയിലൂടെ നൽകുന്നുണ്ട്.<br><br>**ഹോമിയോപ്പതി വകുപ്പ്**<br><br>എല്ലാ ജില്ലകളിലും കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി കേന്ദ്ര ആയുഷ് മന്ത്രാലയം ശുപാർശ ചെയ്ത ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | പോസ്റ്റ് കോവിഡ് ചികിത്സയ്ക്ക് ഉൾപ്പെടെ അലോപ്പതിയേതര മാർഗ്ഗങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | പോസ്റ്റ് കോവിഡ് ചികിത്സയ്ക്ക് പുനർജ്ജനി എന്ന ആയുർവേദ ചികിത്സാ പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. കൂടാതെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് കോവിഡ് ട്രീറ്റ്മെന്റിനായി സ്പെഷ്യൽ ഒ.പി. ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | അലോപ്പതിയേതര മേഖലയിലെ ഫലപ്രദമായ ചികിത്സാസംവിധാനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | അലോപ്പതിയേതര മേഖലയിലെ ഫലപ്രദമായ ചികിത്സ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പത്രദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണവും നൽകുന്നുണ്ട്. ഇതിനു പുറമെ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.